നമ്പർ:- എസ്.സി.റ്റി (2) 40263/04

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 28.6.2005

സർക്കുലർ നമ്പർ. 22/05

വിഷയം:- പട്ടികജാതി/പട്ടികവർഗ്ഗ വികസനം കാസർഗോഡ് താലൂക്ക് പട്ടിക വർഗ്ഗ സഹ കരണ സംഘം- ഭരണസമിതി അംഗങ്ങൾ എന്നിവ സംബന്ധിച്ച്.

സൂചന സർക്കാരിന്റെ 4.5.05-ലെ 14996/എ2/04 സഹ. നമ്പർ കത്ത്

പട്ടികജാതി/പട്ടികവർഗ (ഭേദഗതി) നിയമം 2002 (ആക്ട് 10 ഓഫ് 2003) പ്രകാരം മറാട്ടി സമുദായത്തെ പട്ടിക വർഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. ഈ സാഹചര്യ ത്തിൽ പ്രസ്തുത വിഭാഗത്തെ ജനറൽ കാറ്റഗറിയിൽ മാത്രമേ കണക്കാക്കാൻ കഴിയുകയു ള്ളൂ. എന്നാൽ മറാട്ടി സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇവർക്ക് പട്ടിക വർഗക്കാർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ആക യാൽ പട്ടികവർഗക്കാർക്ക് മാത്രമായി ഉദ്ദേശിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ അംഗത്വ ത്തിൽ നിന്ന് മറാട്ടി സമുദായക്കാരെ സഹകരണ നിയമത്തിനും ചട്ടത്തിനും വിധേയമായി ഒഴിവാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ എല്ലാ സഹകരണ സ്ഥാപനക്കാർക്കും നിർദേശം നൽകുന്നു.

(ഒപ്പ്)

കെ.കേശവൻ,

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്)

പകർപ്പ്:-

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ ജനറൽ മാർക്കും.
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽമാർക്കും.
3. കാസർഗോഡ് ജില്ലയിലെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
4. സ്റ്റോക്ക് ഫയൽ/ കരുതൽ